കേടുവന്ന ടർബൈനുകൾ നന്നാക്കി ഉൽപ്പാദനം തുടങ്ങാൻ നടപടി

94 (3495)ശ്രീ. സി. മൊയിൻകുട്ടി :

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കുന്നതിനുള്ള ടർബൈനുകൾ കേടുവന്നത് നന്നാക്കുന്നതിനുള്ള നടപടികൾ എത്രത്തോളമായി;

(ബി) ഇതിന് വേണ്ടി വരുന്ന ചിലവ് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര;

(സി) കേടുവന്ന ടർബൈനുകൾ നന്നാക്കി ഉൽപ്പാദനം തുടങ്ങാത്തതിനാൽ അണക്കെട്ടുകളിലെ വെള്ളം ഉപയോഗം വരുന്നില്ലെന്നും അടുത്ത മഴക്കാലത്ത് വെള്ളം തുറന്നു വിടേണ്ടി വരുമെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ടർബൈനുകളുടെ കേടുപാടുകൾ തീർക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇടമലയാർ പവർ ഹൗസിലെ കേടായ ഒരു ജനറേറ്ററിന്റെ സ്പെയർ പാർട്ട്സിന് ഓർഡർ നൽകിക്കഴിഞ്ഞു. കൂടാതെ കേടായ യന്ത്രഭാഗങ്ങൾ നന്നാക്കുവാൻ വേണ്ടി ബി.എച്ച്.ഇ.എൽ.ലേയ്ക്ക് അയക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ബി.എച്ച്.ഇ.എൽ.-ന് ഇതുവരെ 8 1/2 ലക്ഷം രൂപയ്ക്കുള്ള ഓർഡർ നൽകിയിട്ടുണ്ട്. കൂടാതെ, ജനറേറ്റർ റിപ്പയറിംഗിനുള്ള സൂപ്പർവിഷൻ ചാർജ്ജും നൽകേണ്ടതുണ്ട്.

(സി) അടുത്ത മഴക്കാലത്തിന് മുൻപായി ഈ ജനറേറ്റർ പ്രവർത്തനക്ഷമമാക്കാനുള്ള ശ്രമം നടന്നുവരുന്നു.

(ഡി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ആതിരപ്പിള്ളി ജലവൈദ്യുത പദ്ധതി

95 (3496)പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആതിരപ്പിള്ളി ജലവൈദ്യുത പദ്ധതിയുടെ കൺസൾട്ടൻസി ഏത് കമ്പനിയ്ക്ക് എന്ത് തുകയ്ക്ക് എന്നാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എസ്.ഇ.ബി.യുടെ പണികൾക്ക് പി.ഡബ്ല്യു.ഡി. ഷെഡ്യൂൾഡ് റേറ്റ് എന്നു മുതലാണ് ബാധകമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പി.ഡബ്ല്യു.ഡി. നിരക്കുകൾക്ക് പകരം കെ.എസ്.ഇ.ബി.യ്ക്ക് പ്രത്യേകമായി നിരക്ക് ഏർപ്പെടുത്തുന്നതിന് ബോർഡ് സർക്കുലറുകൾ ഇറക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly